# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2291

## 12-02-2020 ൽ മറുപടിക്ക്

## കിഫ്ബിയിലെ ഇന്റേണൽ ആഡിറ്റ് സംവിധാനം

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം നിലവിലുണ്ടോ; കിഫ്ബി നിലവിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ അത് പര്യാപ്തമാണോ; ഇത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | കിഫ്ബി ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിലെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുവാനും മെച്ചപ്പെട്ട ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം കൊണ്ടുവരുന്നതിനും 37-ാമത് കിഫ് ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ചീഫ് ഓഡിറ്ററെയും ഒരു ഡെപ്യൂട്ടി അക്കൗണ്ട്സ് ഓഫീസറെയും ഇതിനോടകം നിയമിച്ചിട്ടുണ്ട്. |
| (ബി) കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് ആഡിറ്റിനായി എന്തെങ്കിലും പുതിയ സംവിധാനം ഒരുക്കിയിട്ടുണ്ടോ; | കിഫ്ബിയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഇന്റേർണൽ ഓഡിറ്റിംഗ് സംവിധാനങ്ങൾ നിലവിൽ ഉണ്ടെങ്കിലും, മസാലബോണ്ടിന്റെ ഭാഗമായി നിക്ഷേപകരുമായിട്ടുള്ള ഉടമ്പടി പ്രകാരം പുതിയ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെയും, പീർ റിവ്യൂ ഓഡിറ്റേഴ്സിനെയും നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ ഉടമ്പടി പ്രകാരം നിശ്ചയ കാലയളവുകളിൽ കിഫ്ബിയുടെ വിശദമായ അക്കൗണ്ട്സ് ത്രൈമാസിക, അർദ്ധവാർഷിക, വാർഷിക അടിസ്ഥാനത്തിൽ ട്രസ്റ്റീ മുഖേന നിക്ഷേപകർക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ |

| | |
|---|---|
| | രീതിയിൽ പുതിയ ഓഡിറ്റേഴ്സിനെ തിരഞ്ഞെടുക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (സി) സി & എ.ജി.യെ പോലുള്ള ശക്തമായ ആഡിറ്റ് സംവിധാനം സി & എ.ജി. ഡി.പി.സി. ആക്ടിലെ വകുപ്പ് 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുന്നത് കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കൂടുതൽ സഹായകമാവില്ലേ; എങ്കിൽ അത് പ്രകാരം ആഡിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | മറ്റേതെങ്കിലും വ്യവസ്ഥപ്രകാരമുള്ള സി & എ.ജി ഓഡിറ്റ് ബാധകമല്ലാത്ത സ്ഥാപനങ്ങൾക്കാണ് 20 പ്രകാരമുള്ള ഓഡിറ്റ് ബാധകമാവുക. വകുപ്പ് 14 പ്രകാരം കിഫ്ബിയുടെ എല്ലാ വരവ്-ചെലവുകളും സമഗ്രമായി ഓഡിറ്റ് ചെയ്യുവാനുള്ള അപരിമിതവും സമഗ്രവുമായ അധികാരം സി & എ.ജി യ്ക്ക് ഉണ്ട്. ആയത് നടന്നുവരികയും ചെയ്യുന്നു. ഈ സി&എ.ജി ഓഡിറ്റ് കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് പിൻബലമേകുന്നതാണ്. 2019 ൽ സി&എ.ജി 2 തവണ കിഫ്ബിയുടെ ഓഡിറ്റ് നടത്തിയപ്പോൾ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പടെ എല്ലാം പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ അവർക്കു നൽകിയിരുന്നു. ഓഡിറ്റ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സി&എ.ജി ആക്ട് വകുപ്പ് 14 പ്രകാരമുള്ള സമഗ്രമായ ഓഡിറ്റ് കിഫ്ബിയിൽ നടന്നു വരുന്ന സാഹചര്യത്തിൽ വകുപ്പ് 20 പ്രകാരമുള്ള ഓഡിറ്റ് ഇവിടെ പ്രസക്തമല്ല. |

**സെക്ഷൻ ഓഫീസർ**